DITTO WS

Reg. No. : ....................................

Name : ..........................................

# FY-308

## FIRST YEAR HIGHER SECONDARY MODEL EXAMINATION – 2021

Part – II

Time : 2 $\frac{1}{2}$ Hours

## മലയാളം

Cool-off time : 20 Minutes

**(MALAYALAM)**

Maximum : 80 Scores

***വിദ്യാർത്ഥികൾക്കുള്ള പൊതുനിർദ്ദേശങ്ങൾ :***

- 20 മിനിറ്റ് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ വായിക്കാനും ഇഷ്ടമുള്ളവ തിരഞ്ഞെടുക്കാനും ഉത്തരങ്ങൾ ആസൂത്രണം ചെയ്യാനും ഉപയോഗിക്കാം.
- ഓരോ ചോദ്യവുമായി ബന്ധപ്പെട്ട നിർദേശങ്ങൾ വായിച്ചു മനസ്സിലാക്കി ഉത്തരമെഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും മൂന്നെണ്ണത്തിന് ശരിയായ ഉത്തരങ്ങൾ തിരഞ്ഞെടുത്തെഴുതുക. (2 സ്കോർ വീതം) (3 × 2 = 6)**

1. ‘സന്ദർശന’ത്തിൽ പ്രണയകാലത്തെ സൂചിപ്പിക്കുന്ന രണ്ടു കല്പനകൾ തിരഞ്ഞെടുത്തെഴുതുക.

- കൃഷ്ണകാന്തങ്ങൾ തൻ കിരണമേറ്റ ചില്ലകൾ
- നരകരാത്രികൾ, സത്രച്ചുമരുകൾ
- കുങ്കുമത്തരി പുരണ്ട ചിദംബരസന്ധ്യകൾ
- മരണവേഗത്തിലോടുന്ന വണ്ടികൾ

2. 'മത്സ്യം' എന്ന പ്രതീകത്തിന് ചേരുന്ന രണ്ട് ആശയങ്ങൾ എഴുതുക.

- സ്വാതന്ത്ര്യദാഹിയായ വ്യക്തി.
- വായ്ത്തലയാൽ മുറിവേറ്റയാൾ.
- ഏകാകിയായ പോരാളി.
- വലക്കണ്ണികളിൽ കുടുങ്ങുന്നയാൾ.

3. 'കഴിഞ്ഞതെല്ലാം മറന്നെനിക്കു കേറിപ്പറ്റാൻ

കതകുതുറക്കുമോ ? വിളക്കു കൊളുത്തുമോ ?'

കവി ഇങ്ങനെ അഭ്യർഥിക്കുന്നത് ആരോടെല്ലാമാണ് ?

- പ്രേമവേദന പാകി മറയുന്ന ഋതുക്കളോട്.
- കവിതാസമാധിയിലുറച്ച മലകളോട്.
- ആധുനിക മനുഷ്യനോട്.
- സുഹൃത്തുക്കളോട്.

4. കവിതയിലെ പദങ്ങൾക്കുണ്ടാവണമെന്നു എം.എൻ. വിജയൻ പറയുന്ന രണ്ടു സവിശേഷതകൾ തിരഞ്ഞെടുത്തെഴുതുക.

- അനേകം അർത്ഥങ്ങളെ നിർമ്മിക്കണം.
- വാക്കിന് ഒരർത്ഥമേ ആകാവൂ.
- എല്ലാവരും ഒരേ പോലെ കാണാത്ത സിംബലുകളാവണം.
- എല്ലാകാലത്തും ഒരേ അർത്ഥത്തെ നിർമ്മിക്കണം.

5. 'കായലരികത്ത്' എന്ന ഗാനം ആദ്യകാല സിനിമാഗാനങ്ങളിൽ വേറിട്ടു നിൽക്കുന്നതിനുള്ള രണ്ടു കാരണങ്ങൾ എഴുതുക.

- കേരളീയത തുളുമ്പുന്ന ലളിതവരികൾ.
- പാശ്ചാത്യസംഗീതത്തിന്റെ സ്വാധീനം.
- മാപ്പിളപ്പാട്ടിന്റെ ഈണവും താളവും.
- സംസ്കൃത പദപ്രയോഗങ്ങൾ.

6. അറബിമലയാള സാഹിത്യത്തിൽ 'മുഹ്യുദ്ദീൻമാല'യെ വ്യത്യസ്തമാക്കുന്ന രണ്ടുഘടകങ്ങൾ കണ്ടെത്തിയെഴുതുക.

- കാലം കൃത്യമായി രേഖപ്പെടുത്തിയ കൃതി.
- കത്തുപാട്ട് വിഭാഗത്തിൽപ്പെടുന്നു
- സൂഫിശ്രേഷ്ഠന്റെ അപദാനങ്ങൾ വാഴ്ത്തുന്നു.
- കേരളീയ പശ്ചാത്തലമാണ്.

**7 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് 1-2 വാക്യത്തിൽ ഉത്തരമെഴുതുക. 2 സ്കോർ വീതം.** **($4 \times 2 = 8$)**

7. മറ്റു കടൽക്കാക്കകളിൽ നിന്നു ജോനാഥൻ വ്യത്യസ്തനാകുന്നതെങ്ങനെ ? രണ്ടു സൂചനകൾ എഴുതുക.

8. 'മുറുകിയോ നെഞ്ചിടിപ്പിന്റെ താളവും,
   നിറയെ സംഗീതമുള്ള നിശ്വാസവും'
   സന്ദർശനത്തിലെ ഈ വരികളിൽ തെളിയുന്ന ഭാവമെന്ത് ?

9. 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിലെ വൃദ്ധയുടെ ജീവിതത്തിന്റെ തുടർച്ചയാണ് പെൺകുട്ടിയെയും കാത്തിരിക്കുന്നതെന്നു സൂചിപ്പിക്കുന്ന ഒരു സന്ദർഭമെഴുതുക.

DITTO WS

10. 'മാവുകൾ പൂക്കും മാനത്തമ്പിളി വികസിക്കും

മാനുഷർ പരസ്പരം സ്നേഹിക്കും വിഹരിക്കും'

ഊഞ്ഞാലിൽ എന്ന കവിതയിലെ ഈ വരികളിൽ തെളിയുന്ന ആശയമെന്താണ് ?

11. 'ചിരിക്കകത്തുള്ള ദുഃഖത്തിന്റെ മുഴക്കം' എന്ന പ്രയോഗത്തിലൂടെ ബഷീർ പങ്കുവയ്ക്കുന്ന ചിന്തകളെക്കുറിച്ച് കുറിപ്പെഴുതുക.

12. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന പാഠഭാഗത്തിൽ മരങ്ങൾക്കും വേരുകൾക്കുമൊക്കെ മനഷ്യഭാവം കല്പിക്കുന്ന ഏതെങ്കിലും ഒരു സന്ദർഭം എഴുതുക.

13. 'സ്വാതന്ത്ര്യലബ്ധിയ്ക്കു ശേഷം യാതനയുടെ വേതനവും പറഞ്ഞു മുന്നോട്ടു വന്ന കൂട്ടത്തിലൊന്നും ദേവീബഹനെ കണ്ടിരുന്നില്ലല്ലോ.' എന്നു പറയുന്നത് എന്തുകൊണ്ടാവാം ?

14. 'അരുളില്ലയതെങ്കിലസ്ഥി തോൽ

സിര നാറുന്നൊരുടമ്പു താനവൻ'

എന്ന് അനുകമ്പാദശകത്തിൽ പറയുന്നതിന്റെ പൊരുളെന്ത് ?

**15 മുതൽ 24 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ച് എണ്ണത്തിന് അരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 4 സ്കോർ വീതം.** **(5 × 4 = 20)**

15. 'സമൂഹത്തെ ഗുണപരമായി പരിവർത്തിപ്പിക്കാനുള്ള ശ്രമങ്ങളിൽ ഏർപ്പെടുന്നവരെയാണ് ചരിത്രം ഓർത്തു വയ്ക്കുന്നത്.'

ഈ പ്രസ്താവന ജോനാഥൻ ലിവിങ്സ്റ്റൺ എന്ന കടൽക്കാക്കയുടെ ജീവിതവുമായി ചേർന്നു നിൽക്കുന്നതാണോ ? കുറിപ്പെഴുതുക.

16. പ്രണയത്തിന്റെ നഷ്ടം 'സന്ദർശന'ത്തിലെ നായകനിൽ വരുത്തിയ മാറ്റത്തെക്കുറിച്ച് ലഘുകുറിപ്പെഴുതുക.

DITTO WS

17. 'കവിതയിലെ ഈ നൃത്തം മുഖ്യമായി ശബ്ദത്തിന്റേതല്ല, അർത്ഥത്തിന്റേതാണ്.' കാവ്യകലയെകുറിച്ചുള്ള എം.എൻ. വിജയന്റെ ഈ നിരീക്ഷണം വിശദമാക്കുക.

18. 'ഭൂതകാലവും വർത്തമാനകാലവും ഇരുചില്ലകളാകുന്ന മരത്തിലാണ് 'ഊഞ്ഞാലിൽ' എന്ന കവിതയുടെ ഊഞ്ഞാൽ കെട്ടിയിരിക്കുന്നത്.' ഈ പ്രസ്താവനയോട് യോജിക്കാനാവുമോ ? കുറിപ്പെഴുതുക.

19. 'അനർഘനിമിഷ'ത്തിൽ ബഷീർ സംവദിക്കുന്ന അജ്ഞാതനായ 'നീ' നൽകുന്ന അർത്ഥതലങ്ങൾ എന്തൊക്കെയാവാം ?

20. ആഗ്രഹമുണ്ടായിട്ടും തങ്കംനായർക്ക് സ്വാതന്ത്ര്യസമരത്തിൽ പങ്കെടുക്കാൻ സാധിക്കാത്തതെന്തുകൊണ്ടാണ് ? അഭിപ്രായക്കുറിപ്പ് എഴുതുക.

21. ജനപ്രിയസിനിമകളെക്കുറിച്ചുള്ള പഠനം, അത് പ്രവർത്തിക്കുന്ന സമൂഹത്തെക്കൂടി മനസിലാക്കുന്നതിന് സഹായിക്കുന്നുണ്ടോ ? 'സിനിമയും സമൂഹവും' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക.

22. എത്രത്തോളം ഹൃദ്യവും സൂക്ഷ്മവുമായിട്ടാണ് കൃഷ്ണന്റെ ബാല്യകാലസ്മരണകൾ 'പീലിക്കണ്ണുകൾ' എന്ന പാഠഭാഗത്ത് അവതരിപ്പിച്ചിരിക്കുന്നത് ? ഏതെങ്കിലും രണ്ടു സന്ദർഭത്തെ മുൻനിർത്തി കുറിപ്പെഴുതുക.

23. കളവു ചീത്തയാണെന്നും തന്റെ തൊഴിലും താവഴിയും മാറ്റുന്നതാണ് നല്ലതെന്നും ഇക്കണ്ടക്കുറിപ്പ് ചിന്തിക്കാനിടയായ സാഹചര്യം വ്യക്തമാക്കുക.

24. അരികുവൽക്കരിക്കപ്പെടുന്ന സ്ത്രീജിവിതത്തിന് ആത്മബലം നൽകാനാണോ സംക്രമണത്തിൽ കവി ശ്രമിക്കുന്നത് ? അപഗ്രഥനകുറിപ്പെഴുതുക.

**25 മുതൽ 34 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിന് ഒരുപുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 6 സ്കോർ വീതം.** **(5 × 6 = 30)**

25. 'ജീവിതത്തെ വർണാഭമാക്കുന്ന മൂല്യവത്തായ അനുഭവങ്ങളിൽ ഒന്നാണ് പ്രണയം.' സന്ദർശനം എന്ന കവിതയെ വിലയിരുത്തി ലഘുപന്യാസം തയ്യാറാക്കുക.

26. 'പെണ്ണായാൽ ചോറും കറീം വയ്ക്കണം, പെറണം'.... (ഓർമ്മയുടെ ഞരമ്പ്) സ്ത്രീകളുടെ അവസ്ഥ സമകാലികസമൂഹത്തിലും ഇതുതന്നെയാണോ ? അഭിപ്രായക്കുറിപ്പ് തയ്യാറാക്കുക.

27. 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന ശീർഷകം പ്രകൃതി ചൂഷണത്തെയും മനുഷ്യജീവിതത്തെയും ഒരു പോലെ ആവിഷ്ക്കരിക്കുന്നുണ്ടോ ? വിശകലനം ചെയ്യുക.

28. വ്യവസ്ഥയോട് സമരം ചെയ്യുന്ന 'മത്സ്യം' ചെറുത്തുനിൽക്കുന്ന മനുഷ്യന്റെ പ്രതീകമായി മാറുന്നുണ്ടോ ? വിശകലനക്കുറിപ്പെഴുതുക.

29. 'പറയാനുള്ളത് നേരെച്ചൊവ്വെ പറഞ്ഞിട്ട് പോവുക എന്നത് മൂഢകാവ്യസിദ്ധാന്തമാണ്.' എം.എൻ. വിജയന്റെ ഈ അഭിപ്രായത്തെ 'കാവ്യകലയെ കുറിച്ച് ചില നിരീക്ഷണങ്ങൾ' എന്ന പാഠഭാഗത്തെ ആസ്പദമാക്കി വിശദമാക്കുക.

30. മരണത്തിന്റെ ഇരുണ്ട ഗുഹാമുഖം ദർശിക്കുന്ന മനുഷ്യന്റെ മാനസികവിഭ്രമവും ദുഃഖവും 'അനർഘനിമിഷ'ത്തിൽ പ്രതിപാദിക്കുന്നുണ്ടോ ? നിഗമനങ്ങൾ അവതരിപ്പിക്കുക.

31. ഒരു കാലഘട്ടത്തിന്റെ രണ്ടുമുഖങ്ങളായി ദേവകി മാനമ്പള്ളിയും തങ്കം നായരും മാറുന്നതെങ്ങനെ ? ലഘൂപന്യാസം തയ്യാറാക്കുക.

32. വിധിയും സമൂഹവും ഒരുപോലെ വേട്ടയാടുന്ന സാധാരണക്കാരന്റെ നൊമ്പരങ്ങളും പ്രത്യാശകളും നിറഞ്ഞ ജീവിതമാണ് 'ബൈസിക്കിൾ തീവ്സി'ന്റെ പ്രമേയത്തെ വ്യത്യസ്തമാക്കുന്നത്. അപഗ്രഥനകുറിപ്പു തയ്യാറാക്കുക.

33. സ്വന്തം കാലിനടിയിലെ മണ്ണ് നാം പോലുമറിയാതെ ചോർന്നു പോകുന്നതിന്റെ ആശങ്കയല്ലേ 'കൈപ്പാട്', 'കേൾക്കുന്നുണ്ടോ ?' എന്നി ചലച്ചിത്രങ്ങളിൽ കാണാനാകുന്നത് ? സ്വാഭിപ്രായമെഴുതുക.

34. ഇനിയും അറ്റുപോയിട്ടില്ലാത്ത സ്നേഹത്തിന്റെ, പൊക്കിൾക്കൊടി ബന്ധത്തിന്റെ ഹൃദ്യമായ ആവിഷ്ക്കരണമായി 'ശസ്ത്രക്രിയ' എന്ന കഥയെ വിലയിരുത്താനാവുമോ ? ലഘൂപന്യാസം തയ്യാറാക്കുക.

**35 മുതൽ 38 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഒന്നരപ്പുറത്തിൽ കവിയാതെ ഉത്തരമെഴുതുക. 8 സ്കോർ വീതം. (2 × 8 = 16)**

35. 'ഓർമ്മയുടെ ഞരമ്പ്' എന്ന കഥയിലെ വൃദ്ധയ്ക്കും പെൺകുട്ടിക്കും സ്വാതന്ത്ര്യം എത്രത്തോളം പ്രധാനപ്പെട്ടതാണ് ? ഉപന്യാസം തയ്യാറാക്കുക.

36. പ്രകൃതിയുടെ നേരറിവിൽ നിന്ന് സ്വാംശീകരിച്ച പാഠങ്ങളാണ് 'വേരുകൾ നഷ്ടപ്പെടുത്തുന്നവർ' എന്ന പാഠഭാഗത്ത് കാണുന്നത്. വിശദമാക്കുക.

37. 'കാലം കഴിയുമ്പോൾ ജീവിതക്കുപ്പായത്തിന്റെ നിറം മങ്ങുന്നു.' ഊഞ്ഞാലിൽ എന്ന കവിതയിലെ നായികാനായകൻമാരുടെ ദാമ്പത്യത്തിലും ഇതുതന്നെയാണോ സംഭവിക്കുന്നത് ? ഉപന്യാസം തയ്യാറാക്കുക.

38. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിന്റെ തീക്ഷ്ണത 'ലാത്തിയും വെടിയുണ്ടയും' എന്ന പാഠഭാഗത്തിൽ ലളിതാംബിക അന്തർജ്ജനം എത്രത്തോളം ശക്തമായി അവതരിപ്പിക്കുന്നു ? വിശകലനം ചെയ്യുക.

---